## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 481 02-07-2013-ൽ മറുപടിക്ക്

## നിയമമന്ത്രിമാരുടെ സമ്മേളനത്തിലെ നിർ ദ്ദേശങ്ങൾ

**ചോദ്യം**

*ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. ജി.സുധാകരൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. സാജു പോൾ

**ഉത്തരം**

ശ്രീ.കെ.എം.മാണി
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി )

| | | |
|---|---|---|
| (എ) | സംസ്ഥാന നിയമ മന്ത്രിമാരുടെയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും കഴിഞ്ഞ സമ്മേളനത്തിൽ എന്തെല്ലാം നിർ ദ്ദേശങ്ങളാണ് വന്നിരുന്നതെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെയും കഴിഞ്ഞ സമ്മേളനത്തിൽ സംസ്ഥാനത്തെ നീതി ന്യായ നിർവ്വഹണത്തിന്റെ ചുമതലയുള്ള ബഹു. മുഖ്യമന്ത്രിയ്ക്ക് പങ്കെടുക്കുന്നതിന് കഴിയാതിരുന്നതിനാൽ നിയമ വകുപ്പ് മന്ത്രിയും നിയമ വകുപ്പ് സെക്രട്ടറിയുമാണ് പങ്കെടുത്തിരുന്നത്. ഗ്രാമന്യായാലയങ്ങൾ പ്രാവർത്തികമാക്കുക, കെട്ടികിടക്കുന്ന കേസുകളുടെ എണ്ണം കുറയ്ക്കുക, കേസുകളുടെ വേഗത്തി ലുള്ള വിചാരണ സാധ്യമാക്കുക, കോടതികളിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കുക, ബലാൽസംഗം, കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങളുടെ വിചാരണ വേഗത്തിലാക്കുന്നതിനായി അതിവേഗ കോടതികൾ സ്ഥാപിക്കുക, സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, മുതിർന്ന പൗരന്മാർ, സമൂഹത്തിലെ പാർശ്വവൽകരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവർ ക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണ വേഗത്തിലാക്കുക തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്രിയാത്മകമായ പല നിർ ദ്ദേശങ്ങളും പ്രസ്തുത സമ്മേളനത്തിൽ ഉയർന്നു വന്നിരുന്നു. |

| | | |
|---|---|---|
| (ബി) | സ്ത്രീകൾ ക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് കഴിഞ്ഞ നിയമ മന്ത്രി മാരുടെ സമ്മേളനത്തിൽ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ; | സ്ത്രീകൾ ക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണ വേഗത്തിലാക്കുന്നതിനായി അതതു സംസ്ഥാനത്തെ ചീഫ് ജസ്റ്റിസുമാരുമായി കൂടിയാലോചിച്ച് ആവശ്യമായ അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുക, തുടങ്ങി പല തീരുമാനങ്ങളും ഉണ്ടായിരുന്നു. |
| (സി) | ഗ്രാമക്കോടതികൾ സ്ഥാപി ക്കുന്നതിനും മറ്റുമായി സംസ്ഥാനത്തിന് എന്ത് കേന്ദ്ര സഹാ യമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനായി 18 ലക്ഷം രൂപവരെയുള്ള അനാവർത്തന ചെലവുകൾ കേന്ദ്രസർക്കാർ വഹിക്കുമെന്നറിയിച്ചിട്ടുണ്ട്. ഇതിൽ 10 ലക്ഷം രൂപ കോടതി നിർമ്മാണത്തിനും 5 ലക്ഷം രൂപ വാഹനത്തിനും 3 ലക്ഷം രൂപ ഓഫീസ് ഉപകരണങ്ങൾക്കുമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുകൂടാതെ ശമ്പളത്തിനും മറ്റുമായി ആവർത്തന ചെലവുകളായി കണക്കാക്കപ്പെട്ടിട്ടുള്ള വർഷം തോറുമുള്ള 6.4 ലക്ഷം രൂപയുടെ ചിലവ് ആദ്യത്തെ മൂന്നുവർഷം സംസ്ഥാന സർക്കാരുമായി പങ്കുവയ്ക്കുകയും ചെയ്യും. ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ 01-03-2011 ലെ ജി.ഒ.(എം.എസ്) 86/2011/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**